മനസ്സറിയുക ശരീരവും

ഡോ.(സി) ഷാലു കോയിക്കര

# ആത്മവിശ്വാസവും ഭാവനയും വിജയത്തിലേക്കുള്ള പടവുകൾ

എനിക്ക് അല്പംകൂടി ബുദ്ധിയുണ്ടായിരുന്നെങ്കിൽ.... എനിക്ക് പാടാൻ കഴിവുണ്ടായിരുന്നെങ്കിൽ..... എന്നിങ്ങനെ ഉള്ളതിനെ കാണാതെ ഇല്ലാത്തവയെക്കുറിച്ചോർത്ത് വിലപിക്കുന്നവരെ പ്രായഭേദമെന്യേ നമുക്ക് ഒരുപാട് കാണുവാൻ കഴിയും.

## കഴിവുകൾ തിരിച്ചറിയുക

ജോർജ് വാഷിംഗ്ടൺ, ഹെലൻ കെല്ലർ, സംഗീതലോകത്തിലെ പ്രഗല്ഭനായ മൊസാർട്ട് തുടങ്ങിയവരൊക്കെ തങ്ങളുടെ പക്കലുള്ളതെന്തെന്ന് മനസ്സിലാക്കി അതിനെ വികസിപ്പിച്ചെടുത്തവരാണ്. ഏതു കഴിവും വളർത്തിയെടുത്താൽ മനുഷ്യരാശിക്ക് അത് ഉപയുക്തമായിരിക്കും. പക്ഷേ പലപ്പോഴും സംഭവിക്കുന്നത് ചിലതിനുമാത്രം നമ്മൾ പ്രാധാന്യം കല്പിക്കുകയും അതൊക്കെ ആയിത്തീരാൻ കുട്ടികളെ അനാവശ്യമായി



പ്രേരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ്.

പ്ലസ്ടു കഴിഞ്ഞപ്പോൾ സതീഷിന്റെ ആഗ്രഹം മറൈൻ എൻജിനീയറിംഗ് പഠിക്കണമെന്നായിരുന്നു. എന്നാൽ മാതാപിതാക്കളുടെ വലിയ ആഗ്രഹം തങ്ങളുടെ മകൻ ഐ.ടി. എൻജിനീയറാകണമെന്നായിരുന്നു. എന്നാൽ അവന്റെ കഴിവുകൾ അങ്ങനെയൊരു പഠനത്തിന് ചേർന്നതല്ലാത്തതുകൊണ്ട് അവന് ഏറെ കഷ്ടപ്പെടേണ്ടി വന്നു. അതുമൂലം മാതാപിതാക്കൾ പ്രതീക്ഷിച്ചതുപോലെ ആ മേഖലയിൽ ശോഭിക്കാൻ അവനു സാധിച്ചില്ല. അതിലവന് ദുഃഖമുണ്ടായിരുന്നു. കുട്ടികളുടെ കഴിവുകൾ മനസ്സിലാക്കി അതിനനുസരിച്ച് അവരെ നയിക്കുക വഴി അവരുടെ ആത്മവിശ്വാസം വർധിപ്പിക്കുവാൻ കഴിയും.

ആത്മവിശ്വാസമുള്ളവരാകാൻ നമ്മൾ നമ്മളെത്തന്നെ നന്നായി മനസ്സിലാക്കിയിരിക്കണം. യുവജനങ്ങൾ പലപ്പോഴും തങ്ങളുടെ വികാരങ്ങൾ, ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ, താത്പര്യങ്ങൾ ഇവയെക്കുറിച്ച് അവബോധമുള്ളവരല്ല. അതറിഞ്ഞെങ്കിൽ മാത്രമേ അവയ്ക്കുവേണ്ടി അധ്വാനിച്ച് അവ നേടിയെടുക്കാനാവൂ. കഴിവുകളോടൊപ്പം തങ്ങളുടെ കുറവുകളെയും മനസ്സിലാക്കുക അവശ്യമാണ്.

മാർട്ടിൻ ബബർ പറയുന്നത്, തിന്മയെ കീഴടക്കിക്കൊണ്ട് നന്മയെ വളർത്താൻ പറ്റില്ലെന്നാണ്. പ്രത്യുത അവയ്ക്ക് രൂപാന്തരീകരണം ഉണ്ടാകണം. അപ്പോൾ മാത്രമേ അതിലെ ഊർജം ഉപയോഗപ്പെടുത്താനാവൂ. പലപ്പോഴും മറ്റുള്ളവർ തങ്ങളെക്കാൾ കൂടുതൽ മാർക്ക് വാങ്ങിക്കുന്നതോ മറ്റേതെങ്കിലും തലത്തിൽ ഉയർന്നു പോകുന്നതോ അംഗീകരിക്കാൻ കൗമാരക്കാർക്ക് ബുദ്ധിമുട്ടാണ്. അസൂയ അവരെ കീഴ്പ്പെടുത്തുന്നത് അവർ അറിയുന്നുമില്ല.തങ്ങളിലുള്ള ഈ വികാരത്തെ അവർ മനസ്സിലാക്കാത്തിടത്തോളം കാലം അവരുടെ വ്യക്തിത്വവളർച്ചയിൽ അത് തടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കും. തങ്ങളിലുള്ള കഴിവുകളെ വളർത്തിയെടുക്കാൻ ശ്രമിക്കുന്നതിനുപകരം മറ്റുള്ളവർക്കുള്ള കഴിവുകൾ തനിക്കില്ലല്ലോ എന്ന പരാതിയുമായി അവർ കഴിയും.

**ആത്മവിശ്വാസമുള്ളവരാകാൻ നമ്മൾ നമ്മളെത്തന്നെ നന്നായി മനസ്സിലാക്കിയിരിക്കണം. യുവജനങ്ങൾ പലപ്പോഴും തങ്ങളുടെ വികാരങ്ങൾ, ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ, താത്പര്യങ്ങൾ ഇവയെക്കുറിച്ച് അവബോധമുള്ളവരല്ല. അതറിഞ്ഞെങ്കിൽ മാത്രമേ അവയ്ക്കുവേണ്ടി അധ്വാനിച്ച് അവ നേടിയെടുക്കാനാവൂ. കഴിവുകളോടൊപ്പം തങ്ങളുടെ കുറവുകളെയും മനസ്സിലാക്കുക അവശ്യമാണ്.**

## മാതാപിതാക്കളുടെ പങ്ക്

തങ്ങളുടെ കഴിവിന്റെ അടിസ്ഥനത്തിൽ തങ്ങൾ മാതാപിതാക്കളാൽ സ്നേഹിക്കപ്പെടുകയോ സ്നേഹിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നതായി കൗമാരക്കാർക്ക് അനുഭവപ്പെടാറുണ്ട്. ഇത് ശരിയായിരിക്കണമെന്നില്ല. താത്വികമായി നോക്കുമ്പോൾ അങ്ങനെയൊന്ന് സംഭവിക്കാൻ പാടില്ലാത്തതാണ്. എന്നാൽ അനുഭവതലത്തിൽ ഇതിനെ അപ്പാടെ നിഷേധിക്കാൻ നമുക്കു സാധിക്കയില്ല. മാതാപിതാക്കൾ മനഃപൂർവമല്ല ഇത് ചെയ്യുന്നത്. എന്നാൽ അവരുടെ പെരുമാറ്റത്തിലും സംസാരത്തിലും അവരറിയാതെ ഈ വ്യത്യാസം വന്നുപോകും. മാതാപിതാക്കളുമായുള്ള ഇടപെടലിൽ നിന്ന് ഈ വ്യത്യാസം കുട്ടികൾ എളുപ്പത്തിൽ മനസ്സിലാക്കിയെടുക്കും.

ഇത് പലപ്പോഴും അനാരോഗ്യകരമായിരിക്കും. സാമൂഹ്യവിരുദ്ധ സ്വഭാവം, മയക്കുമരുന്നുപയോഗം ഇങ്ങനെ പലതിലും കുട്ടികൾ ചെന്നുചാടാൻ ഇതിടയാക്കും. വേറെ



ചിലരാകട്ടെ, തങ്ങളുടെ കഴിവിനുമപ്പുറത്ത്, അംഗീകാരത്തിനും സ്നേഹത്തിനും വേണ്ടി വിശ്രമമില്ലാതെ അധ്വാനിക്കുന്നവരായിമാറും. ഇത് ചിലപ്പോൾ കടുത്ത മാനസിക സംഘർഷത്തിനിടയാക്കിയെന്നും വരും. കൗമാരത്തിൽ മാത്രമല്ല പ്രായപൂർത്തിയായതിനു ശേഷവും ഇതേരീതി തുടർന്നു പോകാം.

പല കാര്യങ്ങളിലും വിജയം വരിച്ച മകനോടോ മകളോടോ നിന്നെക്കൊണ്ട് എന്തിനുകൊള്ളാം, നിന്റെ അനുജനെ കണ്ടുപഠിക്ക് എന്നു പറയുന്ന മാതാപിതാക്കൾ ഇതുപോലൊരു വിനയിലേക്കായിരിക്കും മക്കളെ വലിച്ചിഴയ്ക്കുന്നത്. ദൈവം കഴിവുനോക്കിയല്ല മനുഷ്യരെ സ്നേഹിക്കുന്നതെന്ന് ഇവർ മനസ്സിലാക്കിയിരുന്നെങ്കിൽ നന്നായിരുന്നു. എന്നാൽ ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ള കുട്ടികളെ അങ്ങേയറ്റം സ്നേഹിക്കുന്ന മാതാപിതാക്കൾ ഇതിനൊരപവാദമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

## സ്വയം വിമർശനം ആപത്ത്

നിഷേധാത്മകമായ സ്വയം വിമർശനങ്ങൾ ആത്മവിശ്വാസം കുറയാനിടയാക്കും. ചിന്തിക്കാൻ പ്രായമായിക്കഴിഞ്ഞാൽ മനസ്സിനൊരു പ്രത്യേകതയുണ്ട് – സദാ മൗനമായി സംസാരിച്ചുകൊണ്ടിരിക്കും. തന്നോടുതന്നെ സംസാരിക്കുക. ഈ പ്രത്യേകത മനുഷ്യന്റെ വിജയപരാജയങ്ങളെ നിർണയിക്കാൻ കഴിവുള്ളതാണ്. കൗമാരക്കാരെ സംബന്ധിച്ചും ഇത് ശരിയാണ്.

പരീക്ഷ എഴുതാനോ, ക്ലാസിൽ ഒരു വിഷയത്തെ സംബന്ധിച്ച പേപ്പർ അവതരിപ്പിക്കാനോ പോകുന്ന വിദ്യാർത്ഥി സ്വയം പറയുന്നതിങ്ങനെയായിരിക്കും. ഞാനിത് എങ്ങനെയാണാവോ ചെയ്യാൻ പോവുന്നത്? എന്റെ പേപ്പർ വർക്ക് അത്ര ഭംഗിയായിട്ടൊന്നുമില്ല. ടീച്ചറും സഹപാഠികളുമൊക്കെ എന്തു വിചാരിക്കും? കഴിഞ്ഞയാഴ്ച പേപ്പർ അവതരിപ്പിച്ചവരൊക്കെ നന്നായി ചെയ്തു. എന്റേത് അത്രയും ഭംഗിയാകാൻ സാധ്യതയില്ല. അവരൊക്കെ എന്നെക്കാൾ കൂടുതൽ കഴിവുള്ളവരാണ്.

എവിടെ നിന്നാണ് കുട്ടികൾക്ക് ഈ വിമർശന ബുദ്ധി ലഭിക്കുന്നത്. പലപ്പോഴും മുതിർന്നവരുടെ പ്രത്യേകിച്ച് മാതാപിതാക്കളുടെ വാക്കുകളാണ് ഇതിന്റെ പിന്നിലെ പ്രേരകശക്തി. മാതാപിതാക്കൾക്കിടയിലുള്ള സംഘട്ടനത്തിനിരയാകുന്നത് കുട്ടികളാണ്.



ഭാവന അറിവിനെക്കാൾ പ്രാധാന്യമേറിയതെന്ന് പ്രസിദ്ധ ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിട്ടുണ്ട്. ആത്മവിശ്വാസം വർധിപ്പിക്കാനുള്ള നല്ലൊരുപാധിയാണ് ദൃശ്യവത്ക്കരണം. പരാജയപ്പെടുമെന്ന ഭയത്തിന്റെ സ്ഥാനത്ത് വിജയിക്കും എന്ന ഭാവന ആവർത്തിച്ച് ആവർത്തിച്ച് കൊണ്ടുവരുന്നത് കുട്ടികളിലുള്ള സർഗശക്തികളെ തട്ടിയുണർത്താൻ ഏറെ സഹായകമാകും. തങ്ങൾ നേടിയെടുക്കാൻ ആഗ്രഹിക്കുന്ന വിഷമമേറിയ കാര്യം, അത് എന്തുതന്നെയാണെങ്കിലും തുടർച്ചയായുള്ള പരിശ്രമം കൊണ്ടു നേടിയെടുക്കാനാവും എന്ന് അവർക്ക് ബോധ്യമാക്കിക്കൊടുക്കണം. താൻ പരാജയപ്പെടും, തന്നെക്കൊണ്ട് അത് സാധിക്കില്ല എന്ന് ചിന്തിക്കുന്ന വ്യക്തിക്ക് അതിനുവേണ്ടി ആത്മാർത്ഥമായി അധ്വാനിക്കാനാവില്ല. എന്നാൽ ഞാൻ വിജയശ്രീലാളിതനാകുംഎന്നു സ്വയം വിഭാവനം ചെയ്യുന്ന ഒരു വ്യക്തിക്ക് അതിനുള്ള ഊർജവും ഉത്സാഹവും കൈവരും.

**ഭാവന അറിവിനെക്കാൾ പ്രാധാന്യമേറിയതെന്ന് പ്രസിദ്ധ ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിട്ടുണ്ട്. ആത്മവിശ്വാസം വർധിപ്പിക്കാനുള്ള നല്ലൊരുപാധിയാണ് ദൃശ്യവത്ക്കരണം. പരാജയപ്പെടുമെന്ന ഭയത്തിന്റെ സ്ഥാനത്ത് വിജയിക്കും എന്ന ഭാവന ആവർത്തിച്ച് ആവർത്തിച്ച് കൊണ്ടുവരുന്നത് കുട്ടികളിലുള്ള സർഗശക്തികളെ തട്ടിയുണർത്താൻ ഏറെ സഹായകമാകും. തങ്ങൾ നേടിയെടുക്കാൻ ആഗ്രഹിക്കുന്ന വിഷമമേറിയ കാര്യം, അത് എന്തുതന്നെയാണെങ്കിലും തുടർച്ചയായുള്ള പരിശ്രമം കൊണ്ടു നേടിയെടുക്കാനാവും എന്ന് അവർക്ക് ബോധ്യമാക്കിക്കൊടുക്കണം. താൻ പരാജയപ്പെടും, തന്നെക്കൊണ്ട് അത് സാധിക്കില്ല എന്ന് ചിന്തിക്കുന്ന വ്യക്തിക്ക് അതിനുവേണ്ടി ആത്മാർത്ഥമായി അധ്വാനിക്കാനാവില്ല.**

## സുഹൃദ്ബന്ധങ്ങൾ

ആത്മവിശ്വാസം വർധിപ്പിക്കാനുള്ള മറ്റൊരുപാധിയാണ് ആരോഗ്യകരമായ സുഹൃദ്ബന്ധങ്ങൾ. സ്വയം മനസ്സിലാക്കുവാനും വിഷമസാഹചര്യങ്ങളിൽ പ്രോത്സാഹനം ലഭിക്കാനും ഈ ബന്ധങ്ങൾ സഹായിക്കും. സ്വീകരിക്കുന്നതിന്റെ മാത്രമല്ല കൊടുക്കുന്നതിന്റെയും കൂടി മാധുര്യം ആസ്വദിക്കുവാനും സുഹൃദ്ബന്ധങ്ങൾ അവസരമേകും. കുട്ടികൾക്കു മാർഗഭ്രംശം ഭവിച്ച കുട്ടികളുമായി ബന്ധമില്ല എന്ന് ഉറപ്പാക്കിയാൽ മാത്രം പോരാ, നല്ല സുഹൃദ് ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കാൻ മുതിർന്നവർ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും കൂടി വേണം. ഇത് അവരുടെ വ്യക്തിത്വ വികസനത്തിന് ഏറെ ഗുണപ്രദമായിരിക്കും.

❖

CYAN MAGENTA YELLOW BLACK

വിശകലനം

ബോബി കെ. മാത്യു

# മക്രോണിയും ലാവ്‌ലിനും കമ്യൂണിസവും

**മുദ്രാവാക്യങ്ങൾ ഒരു കാലഘട്ടത്തിന്റ രാഷ്ട്രീയ ആശയങ്ങളെ പ്രതിഫലിപ്പിക്കുന്ന ചരിത്രരേഖകളാണ്. മുദ്രാവാക്യങ്ങളെക്കുറിച്ച് അതർഹിക്കുന്ന വിധത്തിലുള്ള ഒരു പഠനവും ഇതുവരെ നടന്നിട്ടില്ല. 1957ൽ അധികാരത്തിലിരുന്ന ഇഎംഎസ്സ് ഗവൺമെണ്ടിനെതിരെ കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ കക്ഷികൾ വിളിച്ച മുദ്രാവാക്യങ്ങൾ പരിശോധിച്ചാൽ കേരള സംസ്ഥാനത്തിലെ ആദ്യത്തെ അഴിമതി കമ്യൂണിസ്റ്റ് പാർട്ടിക്ക് സ്വന്തമാണെന്ന് വ്യക്തമാവും. അരിയെവിടെ? തുണിയെവിടെ? ഈ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് പ്രതിപക്ഷ പ്രവർത്തകർ മുഷ്ടികൾ ചുരുട്ടി ആകാശത്തിലേക്ക് ഉയർത്തി പ്രകടനമായി നീങ്ങുന്ന കാഴ്ച ടി.വി.ചന്ദ്രന്റെ 'ഓർമകൾ ഉണ്ടായിരിക്കണം' എന്ന സിനിമയിൽ കാണാം.**

ഷേക്സ്പിയർ നാടകത്തിലെ കഥാപാത്രങ്ങളെപ്പോലെ കടുത്ത അധികാര തൃഷ്ണയാലും അഴിമതിവ്യഗ്രതയാലും ഇന്ത്യൻ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വം ആടിയുലയുകയാണ്. അഴിമതി, അധികാരം എന്നീ വാക്കുകൾക്ക് മാർക്സിസ്റ്റ് നേതൃത്വത്തിന്റെ ഇടയിൽ പ്രസക്തിയില്ലെന്നുള്ള കപടവാദഗതികളാണ് ഇന്ത്യയിലെ ജനതയെ തന്ത്രപൂർവം കബളിപ്പിച്ചുകൊണ്ട് മാർക്സിസ്റ്റ് നേതാക്കൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് കമ്യൂണിസ്റ്റ് നേതൃത്വത്തെ രാഷ്ട്രീയ സദാചാരത്തിന്റെ പ്രതീകങ്ങളായി പലരും വിലയിരുത്തുന്നതും വിശ്വസിച്ചതും

ലാവ്‌ലിൻ കേസ് വിവാദമായതോടെ കമ്യൂണിസ്റ്റ് കക്ഷികളുടെ കൃത്രിമവസ്ത്രങ്ങൾ വലിച്ചെറിയേണ്ടിവന്നിരിക്കുന്നു. ഇപ്പോൾ കാണുന്ന നേതൃത്വം ലക്ഷ്യബോധമില്ലായ്മയും ബുദ്ധിയില്ലാത്ത രാഷ്ട്രീയ തീരുമാനങ്ങൾകൊണ്ടും കുപ്രസിദ്ധിയാർജിച്ചു കഴിഞ്ഞു. മൂന്നാം മുന്നണിയുടെ പേരിൽ ആന്ധ്രയിൽ ചന്ദ്രബാബു നായിഡു, തെലുങ്കാന സമിതി നേതാവ് ചന്ദ്രശേഖരറാവു എന്നിവരോടൊപ്പം മഹാസഖ്യമുണ്ടാക്കി ഇടതുകക്ഷികൾ മത്സരിച്ചെങ്കിലും വോട്ടെണ്ണുന്നതിന് മുമ്പ് തന്നെ ചന്ദ്രശേഖരറാവു എൻഡിഎ മുന്നണിയുടെ ലുധിയാന റാലിയിൽ പങ്കെടുത്തു. ഓം പ്രകാശ് ചൗട്ടാല നാളുകൾക്ക് മുമ്പ് ഇടതുകക്ഷികളെ മൊഴി ചൊല്ലി.



വി.എസ്.അച്യുതാനന്ദൻ

രാഷ്ട്രീയ പ്രവർത്തകനാകാനുള്ള അടിസ്ഥാന യോഗ്യത ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദാനന്തര ബിരുദമോ പിഎച്ച്ഡിയോ അല്ല. ഇന്ത്യൻ ജനതയുടെ ആത്മാവിനെ തൊട്ടറിയുകയെന്നതാണ് . ഇതില്ലാത്തതുകൊണ്ടാണ് കാരാട്ടും യെച്ചൂരിയും ഇന്ത്യ കണ്ട ഏറ്റവും വലിയ അഴിമതിയായ ലാവ്‌ലിൻ കേസിലെ മുഖ്യപ്രതിയായ പിണറായി വിജയനെ ശാസിക്കുകപോലും ചെയ്യാതെ ലാവ്‌ലിൻ അഴിമതിക്ക് കാവൽ നില്ക്കുന്നത്.

മുദ്രാവാക്യങ്ങൾ ഒരു കാലഘട്ടത്തിന്റ രാഷ്ട്രീയ ആശയങ്ങളെ പ്രതിഫലിപ്പിക്കുന്ന ചരിത്രരേഖകളാണ്. മുദ്രാവാക്യങ്ങളെക്കുറിച്ച് അതർഹിക്കുന്ന വിധത്തിലുള്ള ഒരു പഠനവും ഇതുവരെ നടന്നിട്ടില്ല. 1957ൽ അധികാരത്തിലിരുന്ന ഇഎംഎസ്സ് ഗവൺമെണ്ടിനെതിരെ കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ കക്ഷികൾ വിളിച്ച മുദ്രാവാക്യങ്ങൾ പരി



ഇഎംഎസ്

ശോധിച്ചാൽ കേരള സംസ്ഥാനത്തിലെ ആദ്യത്തെ അഴിമതി കമ്യൂണിസ്റ്റ് പാർട്ടിക്ക് സ്വന്തമാണെന്ന് വ്യക്തമാവും. അരിയെവിടെ? തുണിയെവിടെ? ഈ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് പ്രതിപക്ഷ പ്രവർത്തകർ മുഷ്ടികൾ ചുരുട്ടി ആകാശത്തിലേക്ക് ഉയർത്തി പ്രകടനമായി നീങ്ങുന്ന കാഴ്ച ടി.വി.ചന്ദ്രന്റെ 'ഓർമകൾ ഉണ്ടായിരിക്കണം' എന്ന സിനിമയിൽ കാണാം.

ഇഎംഎസ്സ് സർക്കാരിനെക്കുറിച്ച് പ്രമുഖ കമ്യൂണിസ്റ്റ് നേതാവായ പി. രാമ്മൂർത്തിയുടെ പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണ്. "കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടി ഒരു വർഷം കൊണ്ട് പാർട്ടി ഫണ്ടിലേക്ക് 25 ലക്ഷം രൂപ ശേഖരിച്ചിരിക്കുന്നു". ഈ പണം എവിടെ നിന്ന് സംഘടിപ്പിച്ചെന്ന അന്വേഷണമാണ് ആന്ധ്ര അരി കുംഭകോണം വെളിച്ചത്തു കൊണ്ടുവന്നത്. കേരളത്തിൽ ഉണ്ടായിരുന്ന അരിക്ഷാമം പരിഹരിക്കാൻ യഥാവിധിയുള്ള നടപടികളെടുക്കാൻ ഇഎംഎസ് ഗവൺമെണ്ടിന് കഴിഞ്ഞതേയില്ല. അതിന് പകരം മാർക്സിസ്റ്റ് നേതൃത്വം ഇപ്പോഴും അനുവർത്തിക്കുന്ന നയം പുറത്തിറക്കി – കേന്ദ്രത്തെ പഴി പറയുക!

അരിക്ക് പകരം കേരളത്തിലെ കമ്യൂണിസ്റ്റുകാർ കണ്ടെത്തിയത് മക്രോണിയായിരുന്നു. കപ്പകൊണ്ടുണ്ടാക്കിയ ഈ ഭക്ഷണം ചോറുണ്ടു ശീലിച്ച മലയാളിക്ക് അംഗീകരിക്കാൻ കഴിഞ്ഞില്ല. അരിക്ക് പകരം മുട്ടയും പാലും കഴിക്കുക എന്ന് പറഞ്ഞ സി. ദിവാകരനെന്ന മന്ത്രിയെ ഇവിടെ ഓർമിക്കാം. കേരളീയരുടെ ഭാഗ്യം, മക്രോണി കഴിക്കാൻ അദ്ദേഹം ഉപദേശിച്ചില്ലല്ലോ!

ആന്ധ്രയിലെ വ്യാപാരികളായ ടി. രാമലു, പി.സൂര്യനാരായണൻ എന്നിവരിൽ നിന്ന് ഇഎംഎസ് സർക്കാർ 5000 ടൺ അരി വാങ്ങിയ ഇനത്തിൽ പതിനാററലക്ഷം രൂപയുടെ അഴിമതി ഉള്ളതായി വ്യക്തമായ തെളിവുകൾ പുറത്തുവന്നു. ആന്ധ്രയിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ തിരഞ്ഞെടുപ്പുകടം വീട്ടാനുള്ള ഉപാധിയായി അരിക്കച്ചവടത്തെ കമ്യൂണിസ്റ്റ് പാർട്ടി ഉപയോഗപ്പെടുത്തിയെന്ന ആക്ഷേപം തെലുങ്കു പത്രങ്ങളിലും വന്നു.



പിണറായി വിജയൻ

ഗത്യന്തരമില്ലാതെ ഗവൺമെണ്ട് അന്വേഷണ കമ്മീഷനെ നിയോഗിച്ചു. അരി ഇടപാടിൽ അഴിമതി നടന്നുവെന്നും ലഭ്യമായ രേഖകൾ പ്രകാരം ഒന്നരലക്ഷം രൂപയുടെ നഷ്ടം പൊതുഖജനാവിന് ഉണ്ടായതായും ജസ്റ്റീസ് പി.ടി.രാമൻ നായർ കമ്മീഷൻ റിപ്പോർട്ട് നല്കി. ആവശ്യപ്പെട്ട മുഴുവൻ രേഖകളും കൈമാറാൻ സർക്കാർ തയ്യാറായില്ലെന്ന് കമ്മീഷൻ തന്നെ ആക്ഷേപവും ഉന്നയിച്ചു.

രണ്ടു കാര്യങ്ങളാണ് കമ്മീഷന്റെ വിഷയങ്ങളായി ഉൾപ്പെടുത്തിയത്.

1. കേരള ഗവൺമെണ്ട് ആന്ധ്രയിലെ കമ്പനിയോട് 5000 ടൺ അരി വാങ്ങിയത് നാട്ടിലെ അപ്പോഴത്തെ ഭക്ഷ്യനില പരിഗണിക്കുമ്പോൾ നീതീകരിക്കാമോ?

2. ആ കച്ചവടം ഒഴിവാക്കാമായിരുന്ന നഷ്ടത്തിനു കാരണമായിട്ടുണ്ടോ?

>>16

## അറിയേണ്ടും വാർത്തകൾ

### അമേരിക്കയുടെ 'വിയറ്റ്നാം പരാജയം' ലോകത്തിനു കാട്ടിക്കൊടുത്ത ഹ്യൂഗ് വാൻ ഏസ് അന്തരിച്ചു

ലോകത്തെ ഏറ്റവും വലിയ ശക്തിയായ അമേരിക്കയുടെ സൈന്യം, സാമ്പത്തികമായും സാങ്കേതികമായും അവരുടെ ഏഴ് അയൽപക്കത്തുപോലും എത്താത്ത വടക്കൻ വിയറ്റ്നാമിന്റെ സൈന്യത്തോട് ഏറ്റുവാങ്ങിയ കടുത്ത പരാജയം ലോകത്തെ ആദ്യമായി കാട്ടിക്കൊടുത്ത ഫോട്ടോഗ്രാഫർ ഹ്യൂഗ് വാൻ ഏസ് (67) അന്തരിച്ചു.



ഹ്യൂഗ് വാൻ ഏസും പത്നി ആനിയും

മെയ് 15ന് ഹോങ്കോങ്ങിലെ ആശുപത്രിയിലായിരുന്നു അന്ത്യം . സാഹസികതയും അർപ്പണമനോഭാവവും കൈമുതലായുണ്ടയിരുന്ന ഈ ഫോട്ടോ ജേർണലിസ്റ്റ് ഉഗ്രയുദ്ധമേഖലകൾ തന്റെ കർമരംഗമായി സ്വയം ഏറ്റെടുത്തു.

തെക്കൻ വിയറ്റ്നാമിന്റെ തലസ്ഥാനമായിരുന്ന സെയ്ഗോണിലെ എംബസി മന്ദിരത്തിൽ നിന്നും 1975 ഏപ്രിൽ 29ന് അമേരിക്കക്കാരായ ഉദ്യോഗസ്ഥരെയും പട്ടാളക്കാരെയും, അമേരിക്കയുടെ ഹെലിക്കോപ്റ്ററിൽ ഒഴിപ്പിച്ച് രക്ഷപ്പെടുത്തിക്കൊണ്ടുപോകുന്ന ചിത്രമാണ് വിയറ്റ്നാം മണ്ണിലെ അമേരിക്കയുടെ സമ്പൂർണ പരാജയത്തിന്റെ സാക്ഷ്യപത്രമായി ചരിത്രത്തിൽ ഇടംപിടിച്ചത്.



*സെയ്ഗോണിലെ എംബസി മന്ദിരത്തിൽ നിന്നും അമേരിക്കക്കാരായ ഉദ്യോഗസ്ഥരെയും പട്ടാളക്കാരെയും അമേരിക്കയുടെ ഹെലികോപ്റ്ററിൽ രക്ഷപ്പെടുത്തിക്കൊണ്ടുപോകുന്നു.*

*(1975 ഏപ്രിൽ 29ന് ഹ്യൂഗ് വാൻ ഏസ് എടുത്ത ചിത്രം)*

ഈ ചിത്രത്തിലൂടെയാണ് ഹ്യൂഗ് വാൻ ഏസ് ലോകപ്രശസ്തിയിലേക്ക് ഉയരുകയും അതുവഴി ചരിത്രത്തിന്റെ താളുകളിൽ ഇടം പിടിക്കുകയും ചെയ്തത്. 1941 ജൂലൈ ആറിന് നെതർലണ്ടിലാണ് ഹ്യൂഗ് വാൻ ഏസ് ജനിച്ചത്.



*സെയ്ഗോണിലെ വിമാനത്താവളത്തിൽവടക്കൻ വിയറ്റ്നാം സേന ഷെല്ലാക്രമണം നടത്തിയപ്പോൾ.*

*(1975 ഏപ്രിൽ 30ന് ഹ്യൂഗ് വാൻ ഏസ് എടുത്ത ചിത്രം)*

CYAN MAGENTA YELLOW BLACK

**മറുമുഖം**

# ദൈവമേ ഇവർ പഠിച്ചതെന്ത്? പഠിപ്പിക്കുന്നതെന്ത്?

**വടക്കൻ**

നമ്മുടെ സഹകരണ, ദേവസ്വം വകുപ്പുമന്ത്രി ജി.സുധാകരന്റെ കഴിഞ്ഞ ദിവസത്തെ വെളിപ്പെടുത്തലുകൾ ആരെയും ഇരുത്തിചിന്തിപ്പിക്കുന്നതു തന്നെ. താൻ ചെയ്യുന്നതും പറയുന്നതും ഒരു കമ്യൂണിസ്റ്റ് മന്ത്രിയുടെ ബാധ്യത നിർവഹിക്കലാണത്രെ! ആ ബാധ്യതയിൽപെട്ട ഒരു കാര്യമാണ് ബോധപൂർവം പ്രകോപനം സൃഷ്ടിക്കുക എന്നത്!

അത് എന്തിനാണെന്നല്ലേ? 'ബൂർഷ്വാ വ്യവസ്ഥിതിയിലെല്ലാം' എപ്പോഴും ചലനാത്മകമായി ഇരിക്കണമെന്ന് ഉദ്ദേശ്യമുള്ളതുകൊണ്ടാണത്രെ! താത്വികമായും പ്രത്യയശാസ്ത്രപരമായും സാമൂഹ്യപ്രതിബദ്ധതയോടെയും മുന്നേറുന്ന ഈ കമ്യൂണിസ്റ്റ് മന്ത്രിയുടെ വെളിപ്പെടുത്തലുകൾ സ്വന്തം വെളിപാടുകളാകാൻ വഴിയില്ല. അദ്ദേഹം പഠിച്ചത് മറ്റുള്ളവരെ പഠിപ്പിക്കുകയും പ്രയോഗിച്ച് സ്ഥാപിക്കുകയും ആയിരിക്കുമല്ലോ ചെയ്യുന്നത്. അദ്ദേഹത്തിന്റെ പ്രയോഗം ഏല്ക്കാത്തവർ ഇപ്പോൾ ചുരുക്കമാണ്.




അദ്ദേഹത്തിന്റെ തന്നെ വകുപ്പായ ദേവസ്വം ബോർഡിലെ അംഗങ്ങൾ, ചെയർമാൻ, ജീവനക്കാർ എന്നിവരെല്ലാം ഈ പട്ടികയിൽപെടും. അദ്ദേഹത്തിന്റെ തന്നെ കീഴിലുള്ള സഹകരണ വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ നിലപാടുകളാണത്രെ സെക്രട്ടറിയേറ്റ് ഇടിച്ചുനിരത്തണം എന്നദ്ദേഹത്തെക്കൊണ്ട് പറയിച്ചത്!

ഈ പറച്ചിൽ പ്രകോപനം സൃഷ്ടിക്കൽ മാത്രമല്ല, പ്രകമ്പനം സൃഷ്ടിക്കൽ കൂടിയാണ്. അത് കമ്യൂണിസ്റ്റ് മന്ത്രിയുടെ ബാധ്യതയിൽ വരുമോ ആവോ?

നാണംകെട്ട ബൂർഷ്വാ ഭരണകൂടത്തെയും അതിന്റെ വ്യവസ്ഥിതികളെയും തച്ചുതകർക്കണമെന്നും നഷ്ടപ്പെടുവാൻ വിലങ്ങുകളേ ഉള്ളൂവെന്നും പഠിച്ച മന്ത്രിക്ക് പ്രകമ്പനം സൃഷ്ടിക്കലും തന്റെ ബാധ്യതയിൽ പെടുമെന്ന് കരുതാം! അദ്ദേഹവും ശുദ്ധ കമ്യൂണിസ്റ്റുകളും കൂടി സെക്രട്ടറിയേറ്റ് തച്ചുതകർക്കുമ്പോൾ കൂറ്റൻ സെക്രട്ടറിയേറ്റ് മന്ദിരം നിലംപതിക്കുമല്ലോ. അപ്പോൾ ഉണ്ടാകുന്ന പ്രകമ്പനം ശ്രദ്ധിച്ചാൽ ഇങ്ക്വിലാബ് സിന്ദാബാദ്, ജി. സുധാകരൻ സിന്ദാബാദ് എന്നു കേൾക്കുമെന്ന് കൂടി ബഹുമാനപ്പെട്ട മന്ത്രി താത്വികമായി വിലയിരുത്തുമോ എന്തോ?

ഭരണം നന്നാവണമെങ്കിൽ ഭരിക്കാനറിയണം. അതതു മന്ത്രിമാരുടെ വകുപ്പുകളിലൂടെ ജനക്ഷേമപദ്ധതികൾ നടപ്പാക്കണമെങ്കിൽ ഭരണഘടനാനുസൃതമായി, നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സ്വന്തം വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ ആകെ വിശ്വാസത്തിലെടുത്ത് കാര്യങ്ങൾ ചെയ്യാൻ കഴിയണം. അതിന് പക്വതയുള്ള ഒരു മനസ്സുണ്ടാകണം, വിവേകവും വേണം.

മന്ത്രിയായി കഴിഞ്ഞാൽ നാട്ടുപ്രമാണിയും ജന്മിയുമായി എന്നും ബാക്കിയുള്ള ഉദ്യോഗസ്ഥന്മാരെല്ലാം കുടിയിടപ്പുകാരും അടിയാന്മാരുമാണെന്നുള്ള ജന്മിത്വത്തിന്റെ പ്രേതബാധയിൽ വാക്കും പ്രവൃത്തിയുമായാൽ ഭരണമാകില്ല. മന്ത്രിമാർ മാടമ്പികൾ ചമഞ്ഞാൽ ഭരണം നടക്കില്ല. സ്വന്തം വകുപ്പിലുള്ള, പറഞ്ഞാൽ അനുസരിക്കാത്തവരെ നിലയ്ക്കുനിർത്താൻ സ്ഥാപിതതാത്പര്യങ്ങൾ ഇല്ലാത്ത ഒരു മന്ത്രിക്ക് ഒരു പ്രയാസവുമില്ല. നിലയ്ക്കുനിന്നില്ലെങ്കിൽ നടപടിയെടുത്ത് പുറത്തുകളയാനും കഴിയണം. അങ്ങനെ അനുസരണകെട്ടവരും അഴിമതിക്കാരുമായ പല ഉന്നതരെയും പുറത്തുകളഞ്ഞ പ്രഗല്ഭരായ മന്ത്രിമാരെ നമ്മുടെ സംസ്ഥാനത്തിന്റെ തന്നെ ചരിത്രം പരിശോധിച്ചാൽ കാണുവാൻ കഴിയും. പക്ഷേ, അതിന് നട്ടെല്ല് വേണം. നട്ടെല്ലിന്റെ സ്ഥാനത്ത് വാഴനാരുള്ളവർ അവരുടെ വീര്യം മുഴുവൻ കുരച്ചും കരഞ്ഞും തീർക്കും. അതിന്റെ പ്രതിഫലനമല്ലേ, ഐഎഎസ് പട്ടികൾ, പീറനാറികൾ, കൊഞ്ഞാണൻ, പേനാപിശാചുകൾ തുടങ്ങിയ മന്ത്രിയുടെ സുഭാഷിതങ്ങൾ? സ്വയം ചോദ്യവും ഉത്തരവും നല്കുന്ന മന്ത്രിയുടെ പരിപാടികൾ ഒപ്പിയെടുക്കുന്ന ദൃശ്യമാധ്യമങ്ങളോട് ഒരപേക്ഷയുണ്ട്. മന്ത്രിമാരും നേതാക്കളും പറയുന്ന പലതും പിന്നീട് വിവാദങ്ങളാകുമ്പോൾ അതിന് അവർ നല്കുന്ന മറുപടി - പത്രപ്രവർത്തകന്റെ ചോദ്യത്തിന് ഉത്തരം നല്കിയത് അടർത്തിയെടുത്ത് വിവാദമാക്കിയതാണ്, ഞാനങ്ങനെയല്ല ഉദ്ദേശിച്ചത് എന്നൊക്കെയാണ്.

നമ്മുടെ സുധാകരൻ മന്ത്രി നിർമലഹൃദയനും ശുദ്ധനും ദുരുദ്ദേശ്യപരമായി ഒന്നും പറയാത്ത ആളുമായതുകൊണ്ടു കഴിഞ്ഞദിവസം മന്ത്രി പറഞ്ഞ കാര്യത്തെപ്പറ്റി ഏതെങ്കിലും ഒരു പത്രപ്രവർത്തകൻ കാണിച്ചുതരാം എന്നു പറഞ്ഞ "മറ്റേത്" ഏതാണ്? എന്ന ഒരു കുസൃതി ചോദ്യം ചോദിച്ചാൽ അദ്ദേഹം പറഞ്ഞ ആ "മറ്റേത്" അന്നേരം തന്നെ കാണിച്ചെന്നുവരും. അങ്ങനെയെങ്കിൽ ദയവു ചെയ്ത് അത് എഡിറ്റ് ചെയ്ത് ഒഴിവാക്കണേ. മന്ത്രി പറയുന്ന മറ്റേത് കണ്ട് ഭയപ്പെട്ട് കേരളമാകെ ചലനാത്മകമായാൽ പ്രശ്നം വഷളാകും, പ്രകോപനപരമാകും. അതുകൊണ്ട് അരുതേ എന്ന് ഒരിക്കൽ കൂടി അപേക്ഷ!

ദൈവത്തെപറ്റി വൈരുധ്യാത്മക ഭൗതികവാദികൾ പഠിച്ചതും പഠിപ്പിച്ചതും അനുഭവിച്ചറിഞ്ഞ് കേഴുന്ന കേരളം ഇനി എന്തെല്ലാം കേൾക്കാനിരിക്കുന്നു. കാണാനിരിക്കുന്നു! ❖

## അധ്വാനവർഗസിദ്ധാന്തം വിഭാവനം ചെയ്യുന്നത് സമഗ്രവികസനം

**ജോണി പുല്ലന്താനി**




*കേരളാ കോൺഗ്രസ് (എം) പൊന്നാനി നിയോജകമണ്ഡലം കൺവെൻഷൻ പാർട്ടി മലപ്പുറം ജില്ലാ പ്രസിഡണ്ട് ജോണി പുല്ലന്താനി ഉദ്ഘാടനം ചെയ്യുന്നു.*

സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും അനുഭവവേദ്യമായ സമഗ്രവികസനമാണ് അധ്വാനവർഗസിദ്ധാന്തം വിഭാവനം ചെയ്യുന്നതെന്ന് കേരളാ കോൺഗ്രസ് (എം) മലപ്പുറം ജില്ലാ പ്രസിഡണ്ട് ജോണി പുല്ലന്താനി അഭിപ്രായപ്പെട്ടു. കേരളാ കോൺഗ്രസ് (എം) പൊന്നാനി നിയോജകമണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പൂർണമായി പ്രായോഗികമായ ഒരു പ്രത്യയശാസ്ത്രമാണ് കേരളത്തിന്റെ രാഷ്ട്രീയ ഭീഷ്മാചാര്യൻ കെ.എം. മാണിയുടെ അധ്വാനവർഗസിദ്ധാന്തം . നാലരപതിറ്റാണ്ടോളമായി നിയമനിർമാണസഭയിൽ അംഗമെന്ന നിലയിലും, കാല്നൂറ്റാണ്ടോളം വിവിധങ്ങളായ വകുപ്പുകളുടെ മന്ത്രിപദം ജനപ്രിയമായ നിലയിൽ കൈകാര്യം ചെയ്തും ജനങ്ങളോടൊപ്പം നിന്ന് പ്രവർത്തിക്കുന്ന ജനകീയ നേതാവെന്ന നിലയിലും കെ.എം. മാണി തന്റെ കർമരംഗത്തുനിന്നും സ്വാംശീകരിച്ച ആശയമാണ് അധ്വാനവർഗസിദ്ധാന്തത്തിന്റെ അടിസ്ഥാനശിലയായി ഉപയോഗിച്ചിരിക്കുന്നത്. ആ നിലയിൽ അധ്വാനവർഗസിദ്ധാന്തം രാഷ്ട്രീയമായ വേർതിരിവുകൾക്കതീതമായി സമൂഹത്തിന്റെ പൊതുവായ പുരോഗതിയെ ലക്ഷ്യമാക്കി കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടതാണെന്നും ജോണി പുല്ലന്താനി ചൂണ്ടിക്കാട്ടി.

നിയോജകമണ്ഡലം പ്രസിഡണ്ട് കെ.സക്കീർ ഒതളൂർ അധ്യക്ഷത വഹിച്ചു. കെ.വി. ജലീൽ, കെ.കെ. ചന്ദ്രൻ, എം.കെ. ഗഫൂർ എന്നിവർ പ്രസംഗിച്ചു.

## >> 3 കണ്ണൂർ ഉപവാസം കാരണങ്ങളും അനന്തരഫലങ്ങളും

അക്രമത്തെ ഭയന്ന് മുൻകൂർ കോടതിയിൽ അഭയം തേടുന്നവർക്ക് വേണ്ടി ഇലക്ഷൻ കമ്മീഷൻ കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കും. പ്രശ്നബാധിത ബൂത്തുകളിൽ സൈന്യത്തെ ഇറക്കും, പ്രത്യേകം ഒബ്സർവേഴ്സിനെ വരെ വയ്ക്കും. എല്ലാം ശുഭം. ഈ സ്ഥിരം പല്ലവികേട്ട് വിശ്വസിച്ച് ബൂത്തിൽ എത്തുമ്പോൾ ഒരു സാദാപോലീസുകാരൻ! ബൂത്തിന്റെ സംരക്ഷണവും അക്രമം തടയലുമെല്ലാം ഈ പാവത്തിന്റെ ചുമലിൽ! നില്പുകണ്ടാൽ പാവം തോന്നും. അഞ്ച് മണി കഴിയുന്നതും നോക്കി ഒരിരുപ്പാണ്!

തിരഞ്ഞെടുപ്പിന് മുൻപ് തന്നെ ജില്ലാ വരണാധികാരി പ്രശ്നബാധിത ബൂത്തുകളുടെ ലിസ്റ്റും കാരണവും ആവശ്യപ്പെടും. ഉടനെതന്നെ നിശ്ചിതസമയത്തിനുള്ളിൽ പോലീസ് അത് നല്കും. കേരളാ പോലീസിന്റെ നിഷ്പക്ഷത മനസ്സിലാക്കാൻ കണ്ണൂർ പാർലമെണ്ട് മണ്ഡലത്തിൽ പ്രശ്ബാധിത ബൂത്തുകളും അതിന്റെ കാരണങ്ങളും വിശദീകരിച്ച് പോലീസ് മുഖ്യവരണാധികാരിക്ക് നല്കിയ ലിസ്റ്റ് പരിശോധിച്ചാൽ മാത്രം മതി. എല്ലാ പ്രാവശ്യവും തല്ല് നടപ്പിലാക്കുന്നിടത്ത് ഇപ്രാവശ്യം സൈന്യം തോക്കുമേന്തി നില്ക്കുന്നതു കൂടി കാണാമല്ലൊ എന്നു കരുതി ആവേശത്തോടെ വോട്ടു ചെയ്യാൻ പോയവർ ഇലക്ഷൻ കമ്മീഷന്റെയും വരണാധികാരിയുടെയും ഉറപ്പ്, കുറുപ്പിന്റെ ഉറപ്പിനെക്കാൾ കഷ്ടമാണെന്നറിഞ്ഞ് അന്തംവിട്ടുപോകും.

എന്തിനെ സംബന്ധിച്ചും രാഷ്ട്രീയ യജമാനന്മാരുടെ ഇംഗിതത്തിനനുസരിച്ച് റിപ്പോർട്ട് കൊടുക്കുന്നതിന്റെ നിജസ്ഥിതി പരിശോധിക്കാനോ, ജനങ്ങൾക്കും കോടതിക്കും നല്കിയ ഉറപ്പ് പാലിക്കപ്പെടുന്നുണ്ടെന്ന് തീർച്ചപ്പെടുത്താനോ ആരുമില്ല.

എന്ത് പരാതിക്കും പത്ത് മിനിറ്റിനകം പരിഹാരം. പരാതിപ്പെടേണ്ടവരുടെ ഫോൺ നമ്പറുകൾ, ഒബ്സർവേഴ്സ് പ്രത്യേകമായി സ്വതന്ത്രചുമതലയോടെ - ഇതെല്ലാം കേട്ട് ബൂത്തിൽ എത്തിയ പാവം ജനം. മേല്പറഞ്ഞ അധികാരികളുടെ ഉറപ്പിൽ ഇപ്രാവശ്യമെങ്കിലും നേരെ ചൊവ്വേ തിരഞ്ഞെടുപ്പ് നടക്കും എന്ന് കരുതി വന്നവർ നിരാശരാകുന്നു. തിരഞ്ഞെടുപ്പു കഴിയുന്നതു മുതൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പരാതികളുടെ ബഹളം, അക്രമം. ഒരു സംശയം തോന്നിപ്പോകുന്നു. മുഖ്യവരണാധികാരി ഉൾപ്പെടെ എല്ലാവർക്കും, എങ്ങനെയെങ്കിലും തിരഞ്ഞെടുപ്പൊന്നു കഴിഞ്ഞുകിട്ടിയാൽ മതിയെന്ന ചിന്തയുണ്ടോ?

പറഞ്ഞതെല്ലാം പാഴ്വാക്കായിരുന്നു എന്ന് ബോധ്യമാകുന്ന സമൂഹം, കള്ളത്തരങ്ങളും അക്രമവും കാണിക്കുന്നവനും ഇതൊന്നും പാടില്ലെന്ന് ആഗ്രഹിക്കുന്ന പൊതുസമൂഹവും ഈ പ്രക്രിയയെ പുച്ഛത്തോടെ വീക്ഷിക്കുന്നു. പ്രതീക്ഷ നശിച്ച് എന്തിനാണീ തിരഞ്ഞെടുപ്പിൽ പങ്കുചേരുന്നത് എന്ന ചിന്തയിലേക്ക് പൊതുസമൂഹം എത്തിച്ചേരും. അതുതന്നെയാണ് തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ഉദ്ദേശിക്കുന്നവരുടെ രഹസ്യ അജണ്ടയും!

(തുടരും)

# ഹൈക്കോടതിയും റിട്ടധികാരങ്ങളും

**ഇതാണു നിയമം**

**അഡ്വ. ചാർളിപോൾ**
*എംഎ, എൽഎൽ.ബി, ഡിഎസ്എസ്*

**ഓ**രോ സംസ്ഥാനത്തിനും ഓരോ ഹൈക്കോടതിയുണ്ട്. ഓരോ സംസ്ഥാനത്തിനും ഒരു ഹൈക്കോടതി ഉണ്ടായിരിക്കണമെന്ന് ഭരണഘടനയുടെ 214-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ ഹൈക്കോടതിക്കും ഓരോ ചീഫ് ജസ്റ്റീസും കാലാകാലങ്ങളിൽ നിയമിക്കുന്നിടത്തോളം ജഡ്ജിമാരും ഉണ്ടായിരിക്കും.

ഭരണഘടനയുടെ 215-ാം അനുച്ഛേദമനുസരിച്ച് ഹൈക്കോടതി കോർട്ട് ഓഫ് റെക്കോർഡ് ആണ്. അതായത്, ആ കോടതിയിലെ രേഖകൾ മറ്റു നടപടിക്രമങ്ങൾ കൂടാതെതന്നെ തെളിവിൽ സ്വീകാര്യമാണ്. കൂടാതെ ആ കോടതിയുടെ അധികാരത്തെ അവഹേളിക്കുന്ന കോർട്ടലക്ഷ്യകേസുകൾ ആ കോടതിക്കു തന്നെ വിചാരണ ചെയ്ത് ശിക്ഷിക്കാവുന്നതുമാണ്. 215-ാം അനുച്ഛേദം താഴെചേർക്കുന്നു.

Every highcourt shall be a court of record and shall have all the powers of such a court including the power to punish for contempt of itself.

ഭരണഘടനയുടെ അനുച്ഛേദം 227 അനുസരിച്ച് ഹൈക്കോടതിയുടെ അധികാര പരിധിയിൽപെട്ട എല്ലാ കോടതികളുടെയും ട്രൈബ്യൂണലുകളുടെയും മേലധികാരം അതത് ഹൈക്കോടതികൾക്കായിരിക്കും. കോടതികളുടെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ ചട്ടങ്ങളുണ്ടാക്കുന്നത് ഹൈക്കോടതിയാണ്. കീഴ്ക്കോടതിയിൽ നിലവിലുള്ള ഒരു കേസിൽ ഭരണഘടനാ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് പ്രധാനപ്പെട്ട ഒരു നിയമ പ്രശ്നം അന്തർഭവിച്ചിട്ടുണ്ടെന്ന് ഹൈക്കോടതിക്ക് ബോധ്യപ്പെട്ടാൽ ആ കേസ് ഹൈക്കോടതിയിലേക്ക് മാറ്റാൻ അധികാരമുണ്ട്.

ഒരു ഹൈക്കോടതി വിധിയിലെ നിയമങ്ങൾ ആ ഹൈക്കോടതിയുടെ അധികാരാതിർത്തിയിലുള്ള പ്രദേശങ്ങളിലെ കോടതികൾ നിർബന്ധമായും അനുസരിക്കണം.

കൊലക്കുറ്റങ്ങൾ വിചാരണചെയ്ത് ശിക്ഷിക്കാനുള്ള അധികാരം സെഷൻസ് കോടതികൾക്കാണ്. എന്നാൽ സെഷൻസ് കോടതി മരണശിക്ഷ വിധിച്ചാൽ അത് ഹൈക്കോടതി സ്ഥിരീകരിക്കണം.

ഹൈക്കോടതിയുടെ അപ്പീലധികാരം വളരെ വിപുലമാണ്. സിവിൽ കേസുകളിലും ക്രിമിനൽ കേസുകളിലും കീഴ്ക്കോടതി വിധികൾക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം. ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം എന്ന് ഒരു നിയമത്തിൽ പറഞ്ഞിരിക്കണം. കുടുംബകോടതികളുടെ വിധികൾക്കെതിരെ ഹൈക്കോടതിക്കാണ് അപ്പീൽ അധികാരമെന്ന് കുടുംബക്കോടതി നിയമത്തിൽ പറഞ്ഞിട്ടുണ്ട്.

ഒറിജിനൽ ജുറിസ്ഡിക്ഷൻ അപ്പെലേറ്റ് ജുറിസ്ഡിക്ഷൻ എന്നിവയ്ക്ക് പുറമെ മൗലികാവകാശങ്ങൾക്കും മറ്റാവശ്യങ്ങൾക്കും റിട്ടുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതികൾക്കധികാരമുണ്ട്.

## റിട്ടധികാരം

റിട്ട് എന്ന വാക്കിന്റെ അർത്ഥം കല്പന എന്നാണ്. ഇന്നത് ചെയ്യണം എന്നോ ചെയ്യരുത് എന്നോ കോടതി കല്പിക്കുന്നതിനാണ് റിട്ട് പുറപ്പെടുവിക്കുക എന്നു പറയുക. ഇന്ത്യയിൽ റിട്ട് അധികാരം സുപ്രീം കോടതിക്കും ഹൈക്കോടതികൾക്കും മാത്രമേയുള്ളൂ. ഇംഗ്ലണ്ടിലെ കോടതികളിലായിരുന്നു റിട്ടധികാരത്തിന്റെ ഉദ്ഭവം. ഇംഗ്ലണ്ടിൽ രാജാവിനുണ്ടായിരുന്ന പ്രത്യേക അധികാരത്തിൽ നിന്നുമാണ് റിട്ടുകളെ സംബന്ധിച്ചുള്ള നിയമവ്യവസ്ഥകൾ ഉരുത്തിരിഞ്ഞിട്ടുള്ളത്. ഹേബിയസ് കോർപസ്, മാൻഡമസ്, ക്വോവാറന്റോ പ്രൊഹിബിഷൻ, സെർഷ്യോറാറി എന്നിങ്ങനെ അഞ്ചുതരം റിട്ടുകളുണ്ട്



**ഭരണഘടനയുടെ അനുച്ഛേദം 227 അനുസരിച്ച് ഹൈക്കോടതിയുടെ അധികാര പരിധിയിൽപെട്ട എല്ലാ കോടതികളുടെയും ട്രൈബ്യൂണലുകളുടെയും മേലധികാരം അതത് ഹൈക്കോടതികൾക്കായിരിക്കും. കോടതികളുടെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ ചട്ടങ്ങളുണ്ടാക്കുന്നത് ഹൈക്കോടതിയാണ്. കീഴ്ക്കോടതിയിൽ നിലവിലുള്ള ഒരു കേസിൽ ഭരണഘടനാ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് പ്രധാനപ്പെട്ട ഒരു നിയമ പ്രശ്നം അന്തർഭവിച്ചിട്ടുണ്ടെന്ന് ഹൈക്കോടതിയ്ക്ക് ബോധ്യപ്പെട്ടാൽ ആ കേസ് ഹൈക്കോടതിയിലേക്ക് മാറ്റാൻ അധികാരമുണ്ട്.**

## ഹേബിയസ് കോർപസ് (Habeas Corpus)

ഇത് ലാറ്റിൻ പദമാണ്. ഇതിന്റെ അർത്ഥം 'You may have the body' എന്നാണ്. ആളിനെ ഏല്പിക്കുക എന്ന ആജ്ഞയാണ് കോടതി കൊടുക്കുന്നത്. ഹേബിയസ് കോർപസ് റിട്ടിന്റെ ലക്ഷ്യം വ്യക്തിസ്വാതന്ത്ര്യ സംരക്ഷണമാണ്.

നിയമവിരുദ്ധമോ നീതിരഹിതമോ ആയി തടവിൽ വച്ചിട്ടുള്ള ആരെയും സ്വതന്ത്രനാക്കി കോടതി മുമ്പാകെ ഹാജരാക്കണമെന്ന് ഹേബിയസ് കോർപസ് റിട്ടുകളിൽ കോടതി ഉത്തരവിടുന്നു. അന്യായമായി തടവിൽ സൂക്ഷിച്ചിട്ടുള്ള ആളിനെ എത്രയും വേഗം മോചിപ്പിച്ച് അയാളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുക എന്ന ചുമതല മാത്രമാണ് അപ്പോൾ നിറവേറ്റപ്പെടുന്നത്. കരുതൽ തടങ്കൽ നിയമം, ആഭ്യന്തര സുരക്ഷിതത്വ നിയമം എന്നീ നിയമങ്ങൾ അനുസരിച്ച് അറസ്റ്റ് ചെയ്യപ്പെടുന്നവരാണ് ഈ ആനുകൂല്യത്തിനുവേണ്ടി കോടതിയെ സമീപിക്കുന്നത്.

## മാൻഡമസ് (Mandamus)

ഇതും ലാറ്റിൻ പദമാണ്. 'We order' (ഞങ്ങൾ ആജ്ഞാപിക്കുന്നു) എന്നാണർത്ഥം. പൊതുസ്വഭാവമുള്ള കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിട്ടുള്ളവർ നിയമവിരുദ്ധമായി പ്രവർത്തിക്കുമ്പോഴും ക്രമരഹിതമായി പെരുമാറുമ്പോഴും തങ്ങളുടെ കർത്തവ്യം നിയമാനുസരണം നിർവഹിക്കണമെന്ന് ഈ റിട്ടുമൂലം കോടതി അവരോട് ആജ്ഞാപിക്കുന്നു. ഈ അധികാരമുപയോഗിച്ച് ഗവൺമെണ്ടിനോടോ കീഴ്ക്കോടതികളോടോ കോർപ്പറേഷൻ തുടങ്ങിയ പൊതു സ്ഥാപനങ്ങളോടോ ഏതെങ്കിലും പ്രവൃത്തി ചെയ്യാനോ ചെയ്യാതിരിക്കാനോ ആവശ്യപ്പെടാം. മിക്കവാറും ഭരണനിർവഹണപരമായ കാര്യങ്ങൾ ( Ministerial Acts) ക്രമരഹിതമായി കൈകാര്യം ചെയ്യുമ്പോഴാണ് കോടതി ഇടപെടുക.

>> 12

## അറിയേണ്ടും വാർത്തകൾ

### ഫണ്ട് വിവാദം

### ജപ്പാന് പുതിയ പ്രതിപക്ഷ നേതാവ്



*യൂക്കിയോ ഹട്ടോയാമ*

**ഫ**ണ്ട് വിവാദത്തെ തുടർന്ന് ജപ്പാനിലെ പ്രതിപക്ഷ പാർട്ടിയായ ഡെമോക്രാറ്റിക് പാർട്ടിയുടെ നേതൃസ്ഥാനം ഇച്ചിറോ ഒസാവ രാജിവച്ചു. യൂക്കിയോ ഹട്ടോയാമയാണ് പുതിയ പ്രതിപക്ഷ നേതാവ്. ജപ്പാൻ പാർലമെണ്ടിലെ 480 അംഗ അധോസഭയായ ഹൗസ് ഓഫ് റെപ്രസെന്റ്റീവിലേക്കുള്ള തെരഞ്ഞെടുപ്പ് വരുന്ന സെപ്റ്റംബർ പത്തിനു മുമ്പായി നടക്കും. ഈ തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയെ നയിക്കുക യൂക്കിയോ ഹട്ടോയാമയാണ്.

മെയ് 11നാണ് ഇച്ചീറോ ഒസാവ പ്രതിപക്ഷ നേതൃസ്ഥാനം രാജിവച്ചത്. 2003-2007 കാലഘട്ടത്തിൽ കണക്കിൽപ്പെടാതെ 2,16,000 ഡോളർ ഫണ്ടിലേക്ക് സ്വീകരിച്ചു എന്നതാണ് അദ്ദേഹത്തിനെതിരായ ആരോപണം. എന്നാൽ വരാൻ പോകുന്ന പാർലമെണ്ട് തെരഞ്ഞെടുപ്പിൽ ഒസാവയുടെ നേതൃത്വത്തിൽ ഡെമോക്രാറ്റുകൾ ഇപ്പോഴത്തെ ഭരണകക്ഷിയായ ലിബറൽ ഡെമോക്രാറ്റിക് പാർട്ടിയുടെ മേൽ വമ്പിച്ച വിജയം നേടുമെന്ന് അഭിപ്രായ സർവേകൾ ഉണ്ടായിരുന്നു.



*ഇച്ചിറോ ഒസാവ*

പക്ഷേ ഫണ്ട് വിവാദത്തിനുശേഷം ഒസാവയുടെ ജനപിന്തുണയിൽ കാര്യമായ ഇടിവുണ്ടായതായും തുടർന്നുള്ള സർവേകൾ ചൂണ്ടിക്കാട്ടുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഒസാവയുടെ രാജി.

ഒരു ചെറിയ ഇടവേള ഒഴിച്ച് കഴിഞ്ഞ 50 വർഷമായി ജപ്പാനിൽ ഭരണം നടത്തുന്നത് ലിബറൽ ഡെമോക്രാറ്റിക് പാർട്ടിയാണ്.

2007ൽ ഉപരിസഭയായ ഹൗസ് ഓഫ് കൗൺസിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഈച്ചിറോ ഒസാവയുടെ നേതൃത്വത്തിൽ ഡെമോക്രാറ്റിക് പാർട്ടി ആകെയുള്ള 242ൽ 109 സീറ്റിലും വിജയിച്ചിരുന്നു. 83 സീറ്റുകൾ മാത്രമാണ് ലിബറൽ ഡെമോക്രാറ്റിക് പാർട്ടിക്ക് നേടുവാൻ കഴിഞ്ഞത്. എന്നാൽ പുതിയ രാഷ്ട്രീയ സംഭവവികാസങ്ങൾ ഏതു നിലയിലാണ് ഉരുത്തിരിയാൻ പോകുന്നതെന്ന ആശയങ്കയിലാണ് ഡെമോക്രാറ്റിക് പാർട്ടി.

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



# ബാലലോകം

## സിപ്പിയങ്കിളും കുട്ട്യോളും

### നരേന്ദ്രനും ഭൂതവും

*പ്രിയ കൂട്ടുകാരേ,*

അന്ധവിശ്വാസങ്ങൾ നമ്മെ ആപത്തിൽ ചാടിക്കും. സ്വന്തം ബുദ്ധികൊണ്ട് ഓരോ കാര്യത്തിന്റെയും തെറ്റും ശരിയും വേർതിരിച്ചെടുക്കാൻ നമുക്ക് കഴിയണം.

"അന്ധത മാറ്റാൻ ശ്രമിച്ചീടേണം

അന്ധവിശ്വാസങ്ങൾ നീക്കിടേണം

അന്ധനു നേർവഴി കാട്ടീടേണം

അന്ധകാരത്തെയകറ്റീടേണം" – എന്ന കാവ്യശകലം എപ്പോഴും നാം ഓർമിക്കണം. അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടൻ നാം സദാ ജാഗരൂകരായിരിക്കണം.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയും രാജാറാം മോഹൻ റോയിയും രവീന്ദ്രനാഥ ടാഗോറും സ്വാമി വിവേകാനന്ദനുമെല്ലാം അന്ധവിശ്വാസങ്ങളിൽ നിന്ന് നമ്മെ നേർവഴിക്കു നയിച്ചവരാണ്.

സ്വാമി വിവേകാനന്ദൻ കുട്ടിക്കാലം മുതൽ തന്നെ അന്ധവിശ്വാസങ്ങളെ വെറുത്തിരുന്നു. കുട്ടിക്കാലത്തെ അദ്ദേഹത്തിന്റെ പേര് നരേന്ദ്രൻ എന്നായിരുന്നല്ലോ. മഹാ കുസൃതിയായിരുന്നു കൊച്ചുനരേന്ദ്രൻ.

അവന്റെ വീടിന്റെ തൊട്ട് അയല്പക്കത്ത് ഒരു പൂമരം നിന്നിരുന്നു. കൂട്ടുകാരെയും കൂട്ടി ഇവിടെ അതിന്റെ മുകളിൽ ചാടിക്കയറുകയും തൂങ്ങിയാടുകയും പൂക്കൾ പറിച്ചെടുത്ത് വീട്ടിലേക്കു കൊണ്ടുപോവുകയും ചെയ്യുന്നത് അവന്റെ ഒരു 'ഹോബിയായിരുന്നു'.

എന്നാൽ അയല്പക്കത്തെ അപ്പൂപ്പന് കുട്ടികളുടെ ഈ കുസൃതി അത്ര ഇഷ്ടമായിരുന്നില്ല. അപ്പൂപ്പൻ കുട്ടികളോടു പറഞ്ഞു: " ഈ പൂമരത്തിൽ ഒരു ഭൂതമുണ്ട്. ഇതിൽ കയറിയാൽ ഭൂതം നിങ്ങളെ വിഴുങ്ങും."

ഇതു കേട്ടതോടെ കുട്ടികളെല്ലാം പേടിച്ചു പിൻവാങ്ങി. എങ്കിലും നരേന്ദ്രൻ പിന്നോട്ടുപോയില്ല. അവൻ പറഞ്ഞു: "ഞാനിനിയും മരത്തിൽ ചാടിക്കയറും; പൂക്കൾ പറിക്കും; തൂങ്ങിയാടും!"

"അയ്യോ നരേന്ദ്രാ!... ഭൂതം നിന്നെ പിടിച്ചുവിഴുങ്ങും" – മറ്റു കുട്ടികൾ ഒരേ സ്വരത്തിൽ പറഞ്ഞു. "അങ്ങനെയൊരു ഭൂതമുണ്ടായിരുന്നെങ്കിൽ എന്നേ നമ്മളെയൊക്കെ വിഴുങ്ങിയേനേ!.... ഭൂതവും പ്രേതവുമൊന്നും ഇല്ല കൂട്ടരേ. അതൊക്കെ ചിലരുടെ ഭാവന മാത്രമാണ്" – നരേന്ദ്രൻ കൂട്ടുകാരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. അപ്പൂപ്പൻ തങ്ങളെ പറ്റിക്കാൻ പറഞ്ഞ വിദ്യയാണതെന്ന് അവർക്ക് ബോധ്യമായി. അവർ പിന്നെയും പൂമരത്തിൽ കയറി കളിയാടാൻ തുടങ്ങി.

നരേന്ദ്രനെപ്പോലെ കുട്ടിക്കാലം മുതൽ നമ്മളും അന്ധവിശ്വാസങ്ങളിൽ നിന്ന് അകന്നുമാറണം. അന്ധവിശ്വാസങ്ങൾ നമ്മെ ഇരുളിലേക്കു മാത്രമേ നയിക്കൂ"

*സസ്നേഹം,*

**സിപ്പിയങ്കിൾ**

## കുട്ടിക്കവിത

### മലർസ്മിതം



അന്തിക്കെന്നുടെ
പന്തീരടിയിൽ
പുഞ്ചിരി തൂകീ
പുതുപൂക്കൾ!

പാതിരനേരം
കാവിനടുത്തെൻ
പാലചിരിച്ചു
പനിമതിപോൽ!

സന്ധ്യകഴിഞ്ഞെൻ
പൂമുറ്റത്തെ
മുല്ലയുതിർത്തു
പരിമളവും!

അതികാലത്തെ
എന്നെയുണർത്താ
നെത്തിയിലഞ്ഞി-
പ്പൂമണവും!

**ടി.കെ. മാറിയിടം**

## സ്വർണവിളക്ക്

**ബാലനോവൽ – 14**

**അന്തീനാട് ജോസ്**

'അപ്പാപ്പ, എന്നെ പോകാനനുവദിക്കൂ. ഞാൻ പാവമാണ്!

'നീ എന്താ പറഞ്ഞത്? അപ്പാപ്പനെന്നോ' ഇതാ നോക്കൂ. അയാൾ തലയിലെ മറനീക്കി. മുഷിഞ്ഞ വസ്ത്രങ്ങൾ വലിച്ചുമാറ്റി.

ആ കാഴ്ച ലാവോസിനെ ഒന്നുകൂടി ഞടുക്കി. തികച്ചും അരോഗദൃഢഗാത്രനായ ഒരു മനുഷ്യൻ. ഉരുക്കുപോലത്തെ ശരീരം. കൊഴുത്തുരുണ്ട മാംസപേശികൾ!

ഇയാൾ ആയിരുന്നോ ആ കിഴവൻ? ദൈവമേ എന്തൊരു കാഴ്ചയാണിത്.

'നീ എന്റെ കൂടെ വരൂ...'

'ഇല്ല, എന്നെക്കൊന്നാൽ പോലും ഞാൻ വരില്ല'

'ഓഹോ നിന്നെ വരുത്താമോയെന്നു ഞാനൊന്നു നോക്കട്ടെ'

അയാൾ പോക്കറ്റിൽ നിന്ന് ഒരു വിസിലെടുത്ത് നീട്ടിവിളിച്ചു. ഒരു നിമിഷത്തിനുള്ളിൽ നിക്കറും ബനിയനും ധരിച്ച ഒരു സംഘം ഭീകരർ അവനു ചുറ്റും നിരന്നു. അവർ ഒന്നുപോലെ കുന്തങ്ങൾ അവനു നേരെ ചൂണ്ടിക്കൊണ്ടലറി. 'പറയെടാ, സ്വർണവിളക്കെവിടെ? അതുതേടി ഞങ്ങളും നടക്കുകയാണ്. അതു മോഷ്ടിച്ചതാരാടാ? ഇല്ലേൽ നിന്നെ കുന്തത്തേൽ കോർക്കും. കാട്ടുരാജാവിന്റെ പക്കലാണോടാ വിളക്ക്. സത്യം പറയെടാ'

ഒരു ഭീകരൻ അവന്റെ നെഞ്ചിൽ കുന്തമുന ചേർത്തുവച്ചു. ലാവോസ് ഭയം കൊണ്ടു കിടുകിടാവിറച്ചു.

കടന്നുപോകുന്ന ഓരോ നിമിഷവും ഓരോ യുഗമായി അവനുതോന്നി. ഒച്ചിന്റെ വേഗത്തിലാണ് സമയം ഇഴഞ്ഞുനീങ്ങുന്നത്.



കടന്നുപോകുന്ന നിമിഷങ്ങൾക്കെന്തൊരു ഭീകരതയാണ്. അവന്റെ ശരീരത്തിലൂടെ വിയർപ്പുചാലൊഴുകി.

എങ്ങനെയെങ്കിലും ഒന്നു രക്ഷപെടാൻ കഴിഞ്ഞിരുന്നെങ്കിൽ തിരിച്ചു പോയേക്കാമായിരുന്നു. ഇനിയും ഈ വനത്തിൽ താമസിച്ചാൽ മീനോസിനെ അവർ വധിച്ചെന്നിരിക്കും.

'എന്തൊരു വിധിയാണിത്?'

ഇതോടെ തന്റെ ജീവിതത്തിന് അന്ത്യം സംഭവിക്കാൻ പോകുന്നു. മരിക്കുന്നതിനു മുമ്പ് തന്റെ പിതാവിനെ ഒന്നു കണ്ടിരുന്നെങ്കിൽ! മീനോസിനെ ഒന്നു കണ്ടിരുന്നെങ്കിൽ?

ഇനി ഒന്നും മറച്ചുവച്ചിട്ടു കാര്യമില്ല. കിഴവനോടൊരിക്കലും സ്വർണവിളക്കിനെക്കുറിച്ചു പറയാൻ പാടില്ലായിരുന്നു. അതാണ് തന്നെ ഇത്ര വലിയ അബദ്ധത്തിൽ കൊണ്ടുചാടിച്ചത്.

"എടാ, അസത്തേ സ്വർണവിളക്കെടുക്കാൻ ഞങ്ങളോടൊപ്പം നീയും വരണം. കാട്ടുരാജാവിന്റെ കിളിവാതിലിലൂടെ കടക്കാൻ ഞങ്ങൾക്കാവില്ല. പക്ഷേ നിനക്കതിനു കഴിയും. നീ വിളക്കെടുത്തു തരണം. എന്തു പറയുന്നു?"

ലാവോസ് ഒന്നും മിണ്ടാതെ മുഖം കുനിച്ചു നിന്നു. ഇനിയൊന്നും ചെയ്യാനില്ല. എത്ര ശ്രമിച്ചാലും താൻ ഈ താവളത്തിൽ നിന്നും രക്ഷപെടാൻ പോകുന്നില്ല. ഇനി ഇവർ പറയുന്നത് അനുസരിക്കുക തന്നെ. അവൻ മനസിൽ നിനച്ചു.

*(തുടരും)*

CYAN MAGENTA YELLOW BLACK